(ബി) ഇതിൽ ഇപ്പോൾ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലേ ഓഫ് ചെയ്യുകയോ അടച്ചുപൂട്ടുകയോ ചെയ്ത പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നു വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി എത്ര സ്ഥാപനങ്ങളെക്കുറിച്ച് പഠിച്ച് ഇതിനകം റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കമ്മിറ്റികളുടെ ശുപാർശകളിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി അടച്ചു പൂട്ടാൻ തീരുമാനിച്ച സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമിതിയെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ എഴുപത്തിരണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്.

(ബി) അറുപത്തിരണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഴുവൻ പ്രവർത്തനവും നിർത്തലാക്കാൻ തീരുമാനിച്ച സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്: ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ലിമിറ്റഡ്, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള കൺസ്ട്രക്ഷൻ കമ്പോണന്റ് മെട്രോപൊളിറ്റൻ ഇഞ്ചിനീയറിംഗ് കമ്പനി, കെൽട്രോൺ റെക്ടിഫയേഴ്സ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്. ഈ കമ്പനികളിലെ 717 തൊഴിലാളികളെ സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു.

(ഡി) 44 സ്ഥാപനങ്ങളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി നൽകിയിട്ടുണ്ട്.† എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചശേഷം ഗവൺമെന്റ് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുതി നിരക്ക് വർദ്ധന മൂലം പൂട്ടേണ്ടിവന്ന സ്ഥാപനങ്ങൾ

22 [1161] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധനമൂലം എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് മൂലം പൂട്ടുന്ന സാഹചര്യം ഒഴിവാക്കാൻ സ്വകാര്യ വ്യവസായികൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങാൻ അനുവാദം ചോദിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന വൈദ്യുതി നിരക്ക് കുറച്ച് നൽകാൻ വ്യവസായ വകുപ്പ് കെ. എസ്. ഇ. ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കെ. എസ്. ഇ. ബി.-യുടെ മറുപടി എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകൾ സൂക്ഷിക്കാനുള്ള സംവിധാനം

23 [1162] ശ്രീ. സി. പി. മുഹമ്മദ്:
„ വർക്കല കഹാർ:
„ കെ. മുഹമ്മദാലി:
„ കെ. എ. ചന്ദ്രൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു;

(ബി) ഇവയുടെ വസ്തുവകകൾ മോഷ്ടിക്കപ്പെടാതെ സൂക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്;

(സി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതിന്റെയെല്ലാം വസ്തുവകകൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ഡി) ഇതുമൂലം എന്തു തുകയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും അടച്ചുപൂട്ടിയ ആറു പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു;

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ചുമതലയ്ക്കുള്ള സംവിധാനം കമ്പനി തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മോഷ്ടിക്കപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly